Mathrubhumi

18 June 2018

Kothamangalam : Heavy rain, Death

കാലവർഷം; സംസ്ഥാനത്ത് ഒമ്പത് മരണം

കോഴിക്കോട് ▸ കനത്ത മഴയിലും കാറ്റിലും സംസ്ഥാനത്ത് മിക്ക ജില്ലകളിലും കനത്ത നാശനഷ്ടം. ശനിയാഴ്ചയുണ്ടായ അപകടങ്ങളിൽ ഒമ്പതു പേർ മരിച്ചു. കണ്ണൂർ, തിരുവനന്തപുരം ജില്ലകളിൽ മൂന്നുപേർ വീതവും കാസർകോട്ട് രണ്ടുപേരും കോഴിക്കോട്ടും ഒരാളുമാണ് മരിച്ചത്.

പാനൂർ ചമ്പാട് അരയാക്കൂലിലെ മതയോത്ത് താഴെകുനിയിൽ എം.എൻ. രവീന്ദ്രൻ(66) തെങ്ങ് മുറിച്ചുമാറ്റുന്നതിനിടെ തോട്ടിൽവീണ് മരിച്ചു. തലശ്ശേരി കൊളശ്ശേരി കാവുംഭാഗത്തെ കെ. മനോഹരൻ (60) മരക്കൊമ്പ് വീണ് മരിച്ചു. മാച്ചേരി അയ്യപ്പൻമല റോഡിൽ മതിലിടിഞ്ഞുവീണ് തലവിൽ പടിഞ്ഞാറെയിൽ പി.പി. ഗംഗാധരൻ (62) മരിച്ചു. കാസർകോട് കാഞ്ഞങ്ങാട്ട് വെള്ളക്കെട്ടിൽവീണ് എൽ.കെ.ജി. വിദ്യാർഥി ഫാത്തിമ സൈനബ (നാല്) മരിച്ചു. കുശാൽനഗർ സ്വദേശി മുഹമ്മദ് അൻസിബിന്റെ മകളാണ്.

കോഴിക്കോട് ചാലിയം വെസ്റ്റ് വട്ടപ്പറമ്പ് കപ്പലങ്ങാടി പരേതനായ മരക്കാർ കുട്ടിയുടെ ഭാര്യ കുരിക്കൾകണ്ടി ഖദീജക്കുട്ടി (60) തെങ്ങുവീണ് മരിച്ചു.

തിരുവനന്തപുരം ജില്ലയിൽ പെരുങ്കടവിള ആങ്കോട് ശ്രീദീപത്തിൽ ശ്രീകുമാറിന്റെ ഭാര്യ എസ്.ദീപ(45), ബാലരാമപുരം പുന്നയ്ക്കാട് സ്വദേശി പൊന്നമ്മ(68),കുളത്തൂർ വെങ്കടമ്പ് വാത്തിക്കുഴി വിഷ്ണുമന്ദിരത്തിൽ ചന്ദ്രന്റെ ഭാര്യ കൃഷ്ണകുമാരി(45) എന്നിവരാണ് മരിച്ചത്. തെങ്ങ് കടപുഴകി വീണാണ് ദീപ മരിച്ചത്. മരംവീണ് പൊന്നമ്മയും മതിലിടിഞ്ഞുവീണ് കൃഷ്ണകുമാരിയും മരിച്ചു.

കാസർകോട് പയസ്വിനിപ്പുഴയിൽ കഴിഞ്ഞദിവസം കാണാതായ ചെരളക്കയം മണിയൂരിലെ ചെനിയ നായ്ക്കിന്റെ മൃതദേഹം ശനിയാഴ്ച കണ്ടെത്തി.

അക്കരെയുള്ള കർണാടകത്തിലെ ഗ്വാളിമുഖം ടൗണിൽ വ്യാഴാഴ്ച സാധനം വാങ്ങാൻ പോയതായിരുന്നു. രാത്രി തിരികെവരുമ്പോൾ ഒഴുകിപ്പോയതാണെന്ന് കരുതുന്നു. ഇടുക്കി കുഞ്ചിത്തണ്ണിയിൽ ഉരുൾപൊട്ടി. 15 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു.

കടലുണ്ടിയിലും മാഹിയിലും റെയിൽപ്പാളത്തിൽ മരംവീണ് തിവണ്ടി ഗതാഗതം തടസ്സപ്പെട്ടു.

കണ്ണൂർ ആലക്കോട് നൂറോളം വൈദ്യുതത്തൂണുകൾ പൊട്ടി വീണു.

ചൊവ്വാഴ്ചവരെ കനത്ത മഴയ്ക്ക് സാധ്യത 13